**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1691** **08-12-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ മേഖലയിലെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ മേഖലയിലെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കാൻ ഫിഷറീസ് വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കളെ വികസന മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് വിവിധങ്ങളായ വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവയും നല്കി വരുന്നു. 2020-21 ൽ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യത്തിനായി 32.5 കോടി രൂപ വകയിരുത്തിയതിൽ 32.5 കോടി രൂപയും ജില്ലകൾക്ക് അനുവദിച്ചു നല്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം വിദ്യാഭ്യാസാനുകൂല്യം നല്കുന്നതിനായി പ്ലാൻ ഫണ്ടിൽ 7.21 കോടി രൂപയും നോൺ പ്ലാനിൽ 25 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പദ്ധതി ആനുകൂല്യം വിദ്യാർത്ഥികൾക്ക് അനുവദിച്ചു വരുന്നു.<br><br>പ്രീമെട്രിക്കിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ മുഖേനയും +2 മുതലുള്ള ക്ലാസുകളിലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 2017-18 മുതൽ ഇ-ഗ്രാന്റ്സ് പദ്ധതി വഴിയും അനുവദിച്ചു വരുന്നു.<br><br>തീരദേശത്തെ 10 ഗവണ്മെന്റ് ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ ധനസഹായവും നല്കി വരുന്നു. ടി പദ്ധതി ധനസഹായം ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്സ് മുഖേന നടപ്പാക്കി വരുന്നു. ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള സമഗ്ര നടപടികൾ കേരള |

| | | | |
|---|---|---|---|
| | | | സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ വിദ്യാതീരം പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി, ബാങ്ക് ടെസ്റ്റ്, സിവിൽ സർവീസ് പരിശീലനം എന്നിവ നല്കി വരുന്നു. 2015-16 മുതൽ മെഡിക്കൽ എൻട്രൻസ് പരിശീലനം ലഭിച്ച 331 പേരിൽ 60 പേർക്ക് എം.ബി.ബി.എസ് നും 84 പേർക്ക് ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. 2021-22 വർഷം മെഡിക്കൽ എൻട്രൻസ് പരിശീലനം ലഭിച്ച 90 പേരിൽ 13 പേർക്ക് (30/11/2022 വരെ) എം.ബി.ബി.എസ് ന് അഡ്മിഷൻ ലഭ്യമായിട്ടുണ്ട്. അഡ്മിഷൻ തുടർന്ന് വരികയാണ്. കൂടാതെ തീരദേശ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പ്രോഗ്രാമും, മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുക്കുന്ന പദ്ധതി പ്രകാരം 2018-19 -ൽ 11 പേർക്കും 2019-20 ൽ 13 പേർക്കും 2020-21 ൽ 14 പേർക്കും 2021-22 ൽ 13 പേർക്കും 2022-23 ൽ 10 പേർക്കും പഠനാവശ്യങ്ങൾക്ക് ധനസഹായം നല്കിയിട്ടുണ്ട്.<br><br>ഓഖിയിൽ മരണപ്പെട്ടതും കാണാതായതുമായ 143 മത്സ്യ ത്തൊഴിലാളികളുടെ മക്കളായ 309 പേരുടെ സൗജന്യ വിദ്യാഭ്യാസത്തിനായി 13.92 കോടി രൂപ അനുവദിക്കുകയും 2018-19 ൽ 53.75 ലക്ഷം രൂപയും 2019-20 ൽ 55.1 ലക്ഷം രൂപയും 2020-21 ൽ 45 ലക്ഷം രൂപയും 2021-22 ൽ 40.6 ലക്ഷം രൂപയും 2022-23 ൽ 50 ലക്ഷം രൂപയും അനുവദിച്ച് നല്കിയിട്ടുണ്ട്. 2037 വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. |
| (ബി) | തീരദേശമേഖല ഉൾപ്പെടുന്ന എല്ലാ നിയോജക മണ്ഡലങ്ങളിലും ഫിഷറീസ് സ്കൂളുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നിലവിൽ ഫിഷറീസ് വകുപ്പിന് കീഴിൽ വലിയതുറ, കരുനാഗപ്പള്ളി, അർത്തുങ്കൽ, തേവര, ചാവക്കാട്, താനൂർ, ബേപ്പൂർ, കൊയിലാണ്ടി, അഴീക്കൽ, കാഞ്ഞങ്ങാട് എന്നിവിടങ്ങളിലായി ആകെ 10 മേഖല ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളാണ് നിലവിലുള്ളത്. |
| (സി) | തീരദേശ മേഖലയിലെ വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസം ലക്ഷ്യമാക്കി ഫിഷറീസ് സർവ്വകലാശാല എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനായി കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല നടത്തി വരുന്ന എല്ലാ ബിരുദ, ബിരുദാനന്തര കോഴ്സുകളിലും പ്രത്യേകമായി 20% സീറ്റുകൾ സംവരണാടിസ്ഥാനത്തിൽ ലഭ്യമാക്കി യിട്ടുണ്ട്. ഇത്തരം സീറ്റുകളിൽ പ്രവേശനം |

| | | | |
|---|---|---|---|
| | | | നേടുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെ സൗജന്യമായി പഠനം നടത്തുന്നതിനും വിദ്യാർത്ഥികളുടെ ഫിഷറീസ് ഇ-ഗ്രാന്റ് ലഭ്യമാക്കുവാനും സർവ്വകലാശാല നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ഡി) | തീരദേശമേഖലയിലെ വിദ്യാർത്ഥികളുടെ കായിക പരിശീലനത്തിനും അന്താരാഷ്ട്ര നിലവാരത്തിലെ മത്സരങ്ങൾക്ക് പ്രാപ്തരാക്കുന്നതിനും വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ? | (ഡി) | വിദ്യാതീരം പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ മേഖലാ ടെക്നിക്കൽ സ്കൂളുകളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും കായിക അടിസ്ഥാന സൗകര്യ വികസനത്തിനുമായി നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഇതിൻപ്രകാരം 2022-23 വർഷത്തിൽ തീരദേശ മേഖലയിലെ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള 10 മേഖല ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ഉൾപ്പെടെ 14 സ്കൂളുകളിൽ കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു സ്കൂളിന് 3 ലക്ഷം രൂപ വീതം ആകെ 42 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനും മത്സ്യബന്ധനമേഖലയിലെ കായിക സുസ്ഥിര വികസനം സാധ്യമാക്കുന്നതിനുമായി ടി സ്കൂളുകൾ കേന്ദ്രീകരിച്ച് തീരദേശ മേഖലയിലെ വിദ്യാർത്ഥികളെ മികച്ച കായിക പ്രതിഭകളാക്കി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സ്പോർട്സ് ഫൗണ്ടേഷൻ കേരളയുമായി ചേർന്ന് കായിക പരിശീലന - അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ